ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 30.01.2026**

## പ്രധാനവാർത്തകൾ

1. രാഷ്ട്ര പിതാവ് മഹാത്മാ ഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വ ദിനത്തിൽ രാജ്യം ഗാന്ധി സ്മരണയിൽ. രാജ്ഘട്ടിലെ അനുസ്മരണ പരിപാടിയിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രിയുൾപ്പെടെയുള്ള പ്രമുഖർ.

2. രാജ്യത്തെ പരിഷ്കരണ പ്രവർത്തികൾ സ്ഥിരതയോടും ലക്ഷ്യബോധത്തോടും മുന്നോട്ട് പോകുന്നതിൻറെ തെളിവാണ് 2025-26 ലെ സാമ്പത്തിക സർവേയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കേന്ദ്ര ബജറ്റ് മറ്റെന്നാൾ.

3. 2025-ലെ ആഗോള ഇന്നൊവേഷൻ സൂചികയിൽ 66 - ൽ നിന്ന് 38-ാം സ്ഥാനത്തേക്ക് നില മെച്ചപ്പെടുത്തി ഇന്ത്യ.

4. സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കാൻ ഇന്ന് കൂടി അവസരം.

5. ലോക കേരള സഭയുടെ അഞ്ചാം സമ്മേളനത്തിന്റെ രണ്ടാം ദിനത്തെ പരിപാടികൾക്ക് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ലോക കേരള സഭ സമീപന രേഖ സമർപ്പിച്ചു.

6. ഇന്ത്യ-ന്യൂസിലാൻറ് ടി-ട്വൻറി ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ തിരുവനന്തപുരത്ത്.

&&&&&&&&&&&&&&

PNU TVPM

## <u>മഹാത്മാ ഗാന്ധി - രക്തസാക്ഷിത്വ ദിനം</u>

രാഷ്ട്ര പിതാവ് മഹാത്മാ ഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വ ദിനം ഇന്ന്. രാജ്യത്തിൻറെ സ്വാതന്ത്ര്യസമരത്തിൻറെ വഴികാട്ടിയായിരുന്ന മഹാത്മാഗാന്ധിയെ ഈ ദിനം രാഷ്ട്രം അനുസ്മരിക്കുന്നു. 1948 ജനുവരി 30 നാണ് ഗാന്ധിജി രക്തസാക്ഷിത്വം വരിച്ചത്. എല്ലാ വർഷവും ഈ ദിനത്തിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി ജീവൻ ബലിയർപ്പിച്ചവർക്കും രാഷ്ട്രം ആദരാഞ്ജലി അർപ്പിക്കുന്നു.

&&&&&&&&&&&&&&

## <u>രക്തസാക്ഷിത്വ ദിനാചരണം - ഇൻട്രോ</u>

രക്തസാക്ഷിത്വ ദിനത്തിൽ രാജ്യം ഗാന്ധി സ്മരണയിൽ. ദിനാചരണത്തോടനുബന്ധിച്ച് രാജ്യമെമ്പാടും അനുസ്മരണ പരിപാടികൾ സംഘടിപ്പിച്ചു.

**ഒരു റിപ്പോർട്ട്....**
**(വോയിസ്)**

&&&&&&&&&&&&&&

## <u>രക്തസാക്ഷിത്വ ദിനാചരണം (വോയ്സ്)</u>

മഹാത്മാഗാന്ധി അന്ത്യവിശ്രമം കൊള്ളുന്ന ന്യൂഡൽഹിയിലെ രാജ്ഘട്ടിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് തുടങ്ങിയവർ പുഷ്പാർച്ച നടത്തി. തുടർന്ന് നടന്ന സർവ്വമത പ്രാർത്ഥനയിലും, അനുസ്മരണ ചടങ്ങിലും പങ്കെടുത്തു.രാജ്യവികസനത്തിനും സ്വാശ്രയത്വത്തിനും അടിസ്ഥാന ശിലയായ സ്വദേശി പ്രസ്ഥാനത്തിന് രാഷ്ട്രപിതാവ് ശക്തമായ ഊന്നൽ നൽകിയിരുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹിക മാധ്യമത്തിൽ അനുസ്മരിച്ചു. ഗാന്ധിജിയുടെ വ്യക്തിത്വവും പ്രവർത്തനങ്ങളും ജനങ്ങളെ കർത്തവ്യത്തിന്റെ പാതയിലൂടെ സഞ്ചരിക്കാൻ എക്കാലവും പ്രചോദിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. അഹിംസയ്ക്ക് ബാപ്പുജി നൽകിയ പ്രാധാന്യത്തെ

RNU TVPM

ഉയർത്തിക്കാട്ടുന്ന സംസ്കൃത സുഭാഷിതവും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ പങ്കുവെച്ചു. രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തും അനുസ്മരണ പരിപാടികൾ നടന്നു. നിയമസഭാ മന്ദിരത്തിന് സമീപമുള്ള ഗാന്ധി പ്രതിമയിൽ സ്പീക്കർ എ എൻ ഷംസീർ പുഷ്പാർച്ച നടത്തി. രക്തസാക്ഷിത്വ ദിനം കേവലമൊരു അനുസ്മരണത്തിനപ്പുറം മനുഷ്യസ്നേഹത്തിന്റെ കാവലാളുകളാകാനുള്ള പ്രതിജ്ഞയായി മാറണമെന്നു സ്പീക്കർ പറഞ്ഞു. കെ പി സി സി ആസ്ഥാനത്തു നടന്ന ഗാന്ധി സ്മരണയിൽ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ശശി തരൂർ എം പി, മറ്റു മുതിർന്ന കോൺഗ്രസ് നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

**ന്യൂസ് ഡെസ്ക്, ആകാശവാണി....**

&&&&&&&&&&&&&&&&&

<u>ദേശീയ കുഷ്ഠരോഗ നിർമാർജ്ജന ദിനം</u>

ഇന്ന് ദേശീയ കുഷ്ഠരോഗ നിർമാർജ്ജന ദിനം. കുഷ്ഠരോഗത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും, നേരത്തെയുള്ള രോഗം നിർണയവും ചികിത്സയും പ്രോത്സാഹിപ്പിക്കുന്നതിനാണ് എല്ലാ വർഷവും ജനുവരി 30 ന് ദേശീയ കുഷ്ഠരോഗ നിർമാർജ്ജന ദിനമായി ആചരിക്കുന്നത്. **കുഷ്ഠരോഗം സുഖപ്പെടുത്താവുന്നതാണ്, രോഗം അവശേഷിപ്പിക്കുന്ന സാമൂഹിക അവഗണനയാണ് യഥാർത്ഥ വെല്ലുവിളി** എന്നതാണ് ഇത്തവണത്തെ പ്രമേയം. രാജ്യമെമ്പാടും ദിനാചരണത്തിൻറെ ഭാഗമായി ബോധവൽക്കരണ കാമ്പെയ്നുകൾ നടക്കും.

&&&&&&&&&&&&&&&&&

<u>കേന്ദ്ര ബജറ്റ്</u>

2026 -27 വർഷത്തെ കേന്ദ്ര ബജറ്റ് മറ്റെന്നാൾ. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ രാവിലെ 11 മണിക്ക് ലോക്സഭയിൽ ബജറ്റ് അവതരിപ്പിക്കും. രാജ്യത്ത് ഒരു ധനമന്ത്രി തുടർച്ചയായി അവതരിപ്പിക്കുന്ന ഒൻപതാമത് ബജറ്റ് എന്ന പ്രത്യേകതയും ഇത്തവണയുണ്ട്. പാർലമെൻ്റ് ബജറ്റ് സമ്മേളനത്തിന്റെ ആദ്യ

RNU TVPM

ഘട്ടം അടുത്ത മാസം 13 വരെയും രണ്ടാം ഘട്ടം മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെ നടക്കും.

&&&&&&&&&&&&&&

**പി.എം - സാമ്പത്തിക സർവ്വേ**

പാർലമെന്റിൽ അവതരിപ്പിച്ച 2025-26 ലെ സാമ്പത്തിക സർവേ രാജ്യത്തെ പരിഷ്കരണ പ്രവർത്തികൾ സ്ഥിരതയോടും ലക്ഷ്യബോധത്തോടും മുന്നോട്ട് പോകുന്നതിൻറെ തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഗോള വെല്ലുവിളികൾക്കിടയിലും രാജ്യം അതിവേഗം മുന്നേറുന്നുവെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. രാജ്യത്തിൻറെ സാമ്പത്തിക അടിത്തറയുടെ ശക്തി, വളർച്ച, നവീകരണം, സമഗ്ര വികസനം എന്നിവയ്ക്കുള്ള കേന്ദ്ര സർക്കാരിൻറെ തുടർച്ചയായ ശ്രമങ്ങളും സാമ്പത്തിക സർവേ പ്രതിഫലിപ്പിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

**ലോകബാങ്ക് പ്രസിഡൻറ്**

സാമ്പത്തിക സർവേയിൽ പ്രവചിച്ചതുപോലെ ഇന്ത്യ വളർച്ചാ നിരക്ക് കൈവരിക്കുമെന്ന് ലോകബാങ്ക് പ്രസിഡൻറ് അജയ് ബംഗ. പ്രതീക്ഷിക്കുന്ന ലക്ഷ്യത്തിലെത്താൻ സാധിക്കുമെന്ന് ഇന്ത്യ തെളിയിച്ചിട്ടുണ്ടെന്നും അദ്ദേഹം ഭുവനേശ്വറിൽ മാധ്യമങ്ങളോട് പറഞ്ഞു. രാജ്യത്തെ അടിസ്ഥാന സൗകര്യ നിക്ഷേപ മേഖലയുടെ കഴിഞ്ഞ 10 വർഷത്തെ പ്രകടനം പ്രശംസനീയമാണ്. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഓരോ പൗരനും നൈപുണ്യ വികസനം പ്രധാനമാണെന്നും ലോകബാങ്ക് പ്രസിഡൻറ് പറഞ്ഞു.

&&&&&&&&&&&&&&

**ആഗോള ഇന്നൊവേഷൻ സൂചിക**

2025 ലെ ആഗോള ഇന്നൊവേഷൻ സൂചികയിൽ ഇന്ത്യക്കു 38-ാം സ്ഥാനം. 2019 -ൽ ഇന്ത്യ 66-ാം സ്ഥാനത്തായിരുന്നു. നിർമ്മാണം, ഗവേഷണം, സ്റ്റാർട്ടപ്പുകൾ, സാങ്കേതികവിദ്യ

PNUTVPM

എന്നിവയിലെ സർക്കാർ സംരംഭങ്ങൾ രാജ്യത്തെ നവീകരണത്തിനും വ്യാവസായിക വികസനത്തിനുമുള്ള ആഗോള കേന്ദ്രമായി മാറാൻ സഹായിച്ചതായി സാമ്പത്തിക സർവേ റിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നു.

&&&&&&&&&&&&&&

വിശ്വകർമ്മ പദ്ധതി - കോഴിക്കോട് പിടിസി (ഇൻട്രോ)

പി എം വിശ്വകർമ പദ്ധതിയുടെ ഭാഗമായി എം എസ് എം ഇ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് പ്രദർശന വിപണന മേള ആരംഭിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.......**

**(വോയിസ്)**

&&&&&&&&&&&&&&

വി.ശ്രീനിവാസൻ നിര്യാതനായി

RNU TVPM

രാജ്യസഭാ എംപിയും ഇന്ത്യൻ ഒളിംപിക്സ് അസോസിയേഷൻ പ്രസിഡന്റുമായ പി ടി ഉഷയുടെ ഭർത്താവ് വി ശ്രീനിവാസൻ അന്തരിച്ചു. 64 വയസ്സായിരുന്നു. കോഴിക്കോട് പെരുമാൾപുരത്തെ വീട്ടിൽ ഇന്ന് പുലർച്ചെ കുഴഞ്ഞുവീണതിനെ തുടർന്ന് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ സാധിച്ചില്ല. പൊന്നാനി സ്വദേശിയായ വി ശ്രീനിവാസൻ മുൻ കബഡി താരവും CISF -ലെ മുൻ ഡിവൈഎസ് പിയുമായിരുന്നു. വി.ശ്രീനിവാസൻറെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചിച്ചു. പി.ടി.ഉഷ എംപിയെ ഫോണിൽ നേരിട്ട് വിളിച്ചാണ് അദ്ദേഹം അനുശോചനം അറിയിച്ചത്.

&&&&&&&&&&&&&&

അനൗൺസ്മെൻറ്

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ

കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷ നാളെ വരെ സമർപ്പിക്കാം. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം.
കൂടുതൽ വിവരങ്ങൾക്ക് newsonair.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക.

&&&&&&&&&&&&&&

## ലോക കേരള സഭ

ലോക കേരള സഭയുടെ അഞ്ചാം സമ്മേളനത്തിന്റെ രണ്ടാം ദിനത്തെ പരിപാടികൾക്ക് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ലോക കേരള സഭ സമീപന രേഖ സമർപ്പിച്ചു. സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ, എയർപോർട്ട് ഹെൽപ്പ് ഡസ്ക് ഷെർപ്പ പോർട്ടൽ, ലോക കേരളം ഓണലൈൻ സേവനങ്ങൾ എന്നിവയുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. ഇന്ന് 8 വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചർച്ചകളും 7 മേഖലാ സമ്മേളനങ്ങളും നടക്കും. വൈകുന്നേരം മ്യൂസിക്കൽ കലൈഡോസ്കോപ്പ് അരങ്ങേറും.

RNU TVPM

&&&&&&&&&&&&&&

## കരടു വോട്ടർ പട്ടിക

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. കരടു വോട്ടർ പട്ടികയിലുള്ള  അനർഹരുടെ പേരു നീക്കം ചെയ്യുന്നതിന് 16,007 അപേക്ഷകൾ നേരിട്ടും പേര് ഉൾപ്പെടുത്തുന്നതിന് 9 ലക്ഷത്തി 27,484 അപേക്ഷകളും ലഭിച്ചു. അന്തിമ വോട്ടർ പട്ടിക അടുത്തമാസം 21 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&

## സേഫ് റോഡ്സ്, സേഫ് ലൈവ്സ്

കേരള പോലീസിൻറെ സേഫ്റ്റി റൺ - സേഫ് റോഡ്സ്, സേഫ് ലൈവ്സ് കൂട്ടയോട്ടം നാളെ തിരുവനന്തപുരത്ത്

നടക്കും. സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ ഫ്ളാഗ് ഓഫ് ചെയ്യും. കവടിയാറിൽ നിന്ന് ആരംഭിക്കുന്ന കൂട്ടയോട്ടം മാനവീയം വീഥിയിൽ സമാപിക്കും.

&&&&&&&&&&&&&&

<u>സ്വർണ്ണവില എഡിഎൻ - (ഇൻട്രോ)</u>

സംസ്ഥാനത്ത് സ്വർണ വില കുറഞ്ഞു. പവന് ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തി ഒരുനൂറ്റി ഇരുപത് രൂപയാണ് ഇന്നത്തെ വില.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....**

**(വോയ്സ്)**

അതെസമയം, ഓഹരി വിപണികളിൽ നഷ്ടം .സെൻസെക്സ് 531പോയിന്റ് നഷ്ടത്തിൽ 82,066 ലും ,നിഫ്റ്റി 167 പോയിന്റ് താഴ്ന്നു 25,248 ലും വ്യാപാരം തുടരുന്നു.

&&&&&&&&&&&&&&

<u>മേയർ- വാർത്താ സമ്മേളനം</u>

തിരുവനന്തപുരത്തെ തെരുവ് നായ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ ആരംഭിച്ചതായി മേയർ വി.വി രാജേഷ്. ആദ്യ ഘട്ടത്തിൽ 50 നായകളെ പിടികൂടി പൂവാറിൽ ഉള്ള സ്വകാര്യ ഷെൽട്ടറിലേക്ക് മാറ്റി. നായകളെ വന്ധ്യംകരിച്ചും വാക്സിൻ നൽകിയ ശേഷവുമാണ് ഷെൽട്ടറിലേക്ക് മാറ്റിയത്. ആവശ്യമുള്ള വാക്സിനുകൾ തുടർന്നും ലഭ്യമാക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

&&&&&&&&&&&&&&

<u>ഇന്ത്യ-ന്യൂസിലാൻറ് ടി–ട്വൻറി - പിടിസി തിരു. (ഇൻട്രോ)</u>

ഇന്ത്യ-ന്യൂസിലാൻറ് ടി–ട്വൻറി ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേയും മത്സരം നാളെ. തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫിൽഡ് സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം.

RNI TVPM

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട് തയ്യാറാക്കിയ റിപ്പോർട്ട്.....**
**(വോയ്സ്)**

**&&&&&&&&&&&&&&**

<u>വനിതാ പ്രീമിയർ ലീഗ്</u>

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് ഗുജറാത്ത് ജയന്റ്സ് - മുംബൈ ഇന്ത്യൻസിനെ നേരിടും.വഡോദരയിൽ രാത്രി 7.30 നാണു മത്സരം.ഇന്നലെ നടന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു യുപി വാരിയേഴ്സിനെ 8 വിക്കറ്റിന് പരാജയപ്പെടുത്തി.

**&&&&&&&&&&&&&&**

<u>സന്തോഷ് ട്രോഫി</u>

സന്തോഷ് ട്രോഫി ഫുട്ബോളിൽ നാളെ കേരളം സർവീസസിനെ നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ എതിരില്ലാത്ത മൂന്നു ഗോളുകൾക്ക് കേരളം മേഘാലയയെ പരാജയപ്പെടുത്തി.നിലവിൽ ഗ്രൂപ്പ് എ യിൽ പശ്ചിമ ബംഗാളും,ഗ്രൂപ്പ് ബി യിൽ കേരളവും 10 പോയിന്റോടെ ഒന്നാം സ്ഥാനത്താണ്.

RNU TVPM

**&&&&&&&&&&&&&&**
**&&&&&&&&&&&&**
**&&&&&&&&&&**